കേരള സർക്കാർ

നം.4861/ഡി.സി.2/2015/തസ്വഭവ.

തദ്ദേശ സ്വയം ഭരണ വകുപ്പ്

തിരുവനന്തപുരം, തീയതി.24/03/2015.

## സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ – കേന്ദ്രസർക്കാർ പ്രഖ്യാപിച്ച '100 സ്മാർട്ട് സിറ്റികൾ' പദ്ധതിയിൽ ആദ്യവർഷം സഹായം ലഭിക്കുന്ന പട്ടണങ്ങളുടെ ലിസ്റ്റിൽ സംസ്ഥാനത്തെ പട്ടണങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന :-11/02/2015-ന് വൈകിട്ട് 04 മണിക്ക് ബഹു. നഗരകാര്യ ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2015 ജനുവരി 29,30,31 തീയതികളിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന സ്മാർട്ട് സിറ്റി സംബന്ധിച്ച കോൺഫറൻസിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 'സ്മാർട്ട് സിറ്റി' പദ്ധതിയിൽ സംസ്ഥാനത്തിന്റെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭകൾക്ക് ഒരു പ്രാഥമിക നിർദ്ദേശം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

(എ) കേന്ദ്ര സർക്കാർ സ്മാർട്ട് സിറ്റികളായി രൂപാന്തരപ്പെടുത്തുവാൻ 100 സിറ്റികളുടെ ഒരു പട്ടിക തയാറാക്കിയിട്ടുണ്ട്. അതിൽ കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപറേഷനുകളെയും, അവയെ കേന്ദ്രീകരിച്ചുള്ള അർബൻ അഗ്ലോമറേഷനുകളെയും മലപ്പുറം, കണ്ണൂർ എന്നീ നഗരസഭകളെയും അവയുടെ ചുറ്റുമുള്ള അർബൻ അഗ്ലോമറേഷനുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അടുത്ത ഘട്ടത്തിൽ ഈ 100 പട്ടണങ്ങളിൽ നിന്നും നിബന്ധനകൾ പാലിക്കുന്ന 30 പട്ടണങ്ങളെ തെരഞ്ഞെടുക്കും. അത് ഒരു മത്സരം പോലെയുള്ള ചലഞ്ച് റൗണ്ട് ആയിരിക്കും. നിബന്ധനകൾ താഴെ പറയുന്നവയാണ്.

(1) സ്വച്ഛ് ഭാരത് നടത്തിപ്പിൽ 05 % പുരോഗതി നേടിയിരിക്കണം.
(2) പട്ടണത്തിന് ഈ ന്യൂസ് ലെറ്റർ ഉണ്ടായിരിക്കണം.
(3) പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കണം.
(4) സിറ്റി വിഷൻ രേഖയും വികസന തന്ത്ര രേഖയും ഉണ്ടായിരിക്കണം.
(5)ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഉണ്ടായിരിക്കണം

(സി) മുകളിൽ പറഞ്ഞ യോഗ്യതകൾ എല്ലാ പട്ടണങ്ങളും ഒരു മാസത്തിനുള്ളിൽ നേടിയെടുക്കണം. ഇക്കാര്യം 30/04/2015-ന് മുമ്പ് സർക്കാരിനെ അറിയിക്കുകയും വേണം.

(ഡി) ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന 30 പട്ടണങ്ങളിൽ നിന്നും അടുത്ത ഘട്ടത്തിൽ 15 പട്ടണങ്ങളെ ഉൾപ്പെടുത്തും. അതിനായി വിവിധ രംഗങ്ങളിലെ പുരോഗതിയ്ക്ക് മാർക്ക് നൽകി ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന പട്ടണങ്ങളെയായിരിക്കും തെരഞ്ഞെടുക്കുന്നത്. അതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ തയാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

(ഇ) 30 പട്ടണങ്ങളുടെ അടുത്ത ഘട്ടത്തിലേയ്ക്ക് കടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പട്ടണങ്ങളോട് നിർദ്ദേശിക്കുന്നു.

(എഫ്) പട്ടണങ്ങൾക്കാവശ്യമായ സഹായങ്ങൾ നൽകാൻ IKM, KLGSDP മുതലായ ഏജൻസികൾക്കും നിർദ്ദേശം നൽകുന്നു.

**ജെയിംസ് വർഗ്ഗീസ്,**
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(എല്ലാ നഗരസഭകളേയും, അഗ്ലോമറേഷനുകളെയും അറിയിക്കുവാൻ)
ഇൻഫർമേഷൻ കേരള മിഷൻ
KLGSDP, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ-യ്ക്ക്

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്,

സെക്ഷൻ ഓഫീസർ.